(ഡി, ഇ) ഒരു പദ്ധതിയും നടപ്പാക്കാതെ നിർത്തലാക്കിയിട്ടില്ല.

(എഫ്) പ്രസ്തുത ജി.ഒ. പ്രകാരം വനിതാ സഹകരണ സംഘങ്ങൾക്ക് കൊപ്രാ ഡ്രയർ വാങ്ങുന്നതിനായി 9.4 കോടി രൂപ നീക്കിവച്ചിരുന്നു. ഇതിലേക്കായി നീക്കിവച്ച തുക 2003 ജൂലൈ 31-ന് മുമ്പ് ചെലവഴിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ പദ്ധതി നടപ്പാക്കുന്ന മുറയ്ക്ക് ആവശ്യമായ തുക ചെലവാക്കാൻ ധനകാര്യ വകുപ്പിന്റെ പ്രത്യേക അനുമതി വാങ്ങുന്നുണ്ട്.

(ജി) മേൽപ്പറഞ്ഞ ഉത്തരവനുസരിച്ച് 50.2 ലക്ഷം രൂപ ചെലവഴിച്ച് 14 കൊപ്രാ ഡ്രയറുകൾ സ്ഥാപിച്ചുകഴിഞ്ഞു. 2,000 നാളികേരം കൊപ്രയാക്കുകയും 12,000 കൊപ്ര വിറ്റഴിക്കപ്പെടുകയും ചെയ്തു.

(എച്ച്) പൂർണ്ണമായി നടപ്പാക്കാൻ കഴിയാത്തത് വിവിധ കാരണങ്ങളാലാണ്. പദ്ധതി തുടർന്ന് നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്.

ഡോ. എം. എസ്. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട്

74 [1081] ശ്രീ. വി. ചെന്താമരാക്ഷൻ:
,, സാജു പോൾ:
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖല നേരിടുന്ന പ്രതിസന്ധിയെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച ഡോ. എം. എസ്. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് സർക്കാരിന് ലഭിച്ചതെന്നാണ്;

(ബി) പ്രസ്തുത റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) കമ്മീഷൻ റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ ഏതെല്ലാം ശുപാർശകളാണ് ഇതിനകം നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഡി) റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് ഇതിനകം സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ;

(ഇ) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനതലത്തിൽ കാർഷിക വ്യാപാര കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുന്നതിന് ഒരു ഉന്നതതല സ്ഥിരസമിതി രൂപീകരിച്ചിട്ടുണ്ടോ;

(എഫ്) റിപ്പോർട്ടിലെ ശുപാർശകൾ സംസ്ഥാനത്തിന്റെ കാർഷിക പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിന് പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ;

(ജി) കേന്ദ്ര സർക്കാരിന്റെ കയറ്റുമതി നയത്തിന് അനുസൃതമായ നിർദ്ദേശങ്ങളാണ് സ്വാമിനാഥൻ റിപ്പോർട്ടിലുള്ളതെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) ഇറക്കുമതി തീരുവ വർദ്ധിപ്പിച്ച് കാർഷിക ഉൽപ്പന്നങ്ങളുടെ ഇറക്കുമതി നിയന്ത്രിക്കണമെന്ന സംസ്ഥാന സർക്കാരിന്റെ ആവശ്യം കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ടോ;

(ഐ) എങ്കിൽ ഏതെല്ലാം ഉൽപ്പന്നങ്ങളുടെ തീരുവയാണ് വർദ്ധിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ജെ) റബ്ബറിനെയും കയറിനെയും കാർഷിക ഉൽപ്പന്നങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?

ഉത്തരം

(എ) 2003 ജനുവരിയിൽ ലഭിച്ചു.

(ബി) ആഗോളവൽക്കരണത്തിന്റെ ദോഷഫലങ്ങൾ പരമാവധി കുറയ്ക്കുന്നതിനും നല്ല വശങ്ങൾ ചൂഷണം ചെയ്ത് കാർഷിക മേഖലയെ അന്താരാഷ്ട്ര മത്സരത്തിന് പ്രാപ്തമാക്കുന്നതിനും ഉതകുന്ന അനവധി ശുപാർശകൾ കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ട്. അവയിൽ പ്രധാനമായവ ഇനി പറയുന്നു:

1. ലോക വ്യാപാര കരാറിന്മേലുള്ള അടുത്തവട്ട ചർച്ചകളിൽ ഗാർഹിക അവലംബം, വിപണി പ്രാപ്യത, പ്രധാന കാർഷികോൽപ്പന്നങ്ങളുടെയും ഭക്ഷ്യ എണ്ണകളുടെയും ഇറക്കുമതി തീരുവ വർദ്ധിപ്പിക്കൽ, റബ്ബറിനെയും കയറിനെയും കാർഷികോൽപ്പന്നങ്ങളുടെ പട്ടികയിൽ പെടുത്തുക തുടങ്ങിയ കാര്യങ്ങളിൽ രാജ്യ താല്പര്യങ്ങൾ പരമാവധി സംരക്ഷിക്കുമാറ് കേന്ദ്രതലത്തിൽ സമ്മർദ്ദം ചെലുത്തുക.

2. സംസ്ഥാനതലത്തിൽ കാർഷിക വ്യാപാര കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുന്നതിന് ഒരു ഉന്നതതല സ്ഥിരം സമിതി രൂപീകരിക്കുക.

3. തോട്ടം മേഖലയിലെ തകർച്ച നേരിടാൻ തൊഴിലാളികൾക്ക് വേതനത്തിന്റെ ഒരു ഭാഗം ഭക്ഷ്യധാന്യമായി നൽകുന്നതിന് കേന്ദ്ര സർക്കാരിന്റെ സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജനയുമായി ബന്ധപ്പെടുത്തുക.

4. തോട്ടം വിളകളുടെ വികസനത്തിന് സമഗ്രമായ നയം രൂപീകരിക്കുക.

5. ജൈവകൃഷി പ്രോത്സാഹിപ്പിക്കുകയും ദേശീയ ജൈവകൃഷി ഇൻസ്റ്റിറ്റ്യൂട്ട് കേരളത്തിൽ സ്ഥാപിച്ചുകിട്ടുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുക.

6. അന്താരാഷ്ട്രതലത്തിൽ മാത്സര്യത്തിന് കർഷക സമൂഹത്തെ പ്രാപ്തമാക്കാൻ കാർഷിക വ്യാപാരം സംബന്ധിച്ച വിവരങ്ങൾ അപ്പപ്പോൾ ലഭ്യമാക്കുന്നതിന് ഒരു "വെർച്വൽ യൂണിവേഴ്സിറ്റി" സ്ഥാപിക്കുക.

7. കാർഷിക കയറ്റുമതി മേഖല സംസ്ഥാനത്തെ ആറ് കാർഷിക മൊത്ത വ്യാപാര മാർക്കറ്റുകളുമായി ബന്ധിപ്പിക്കുക.

8. സസ്യ ഔഷധവും ആയുർവ്വേദവും പ്രോത്സാഹിപ്പിക്കുകയും സംസ്ഥാനത്ത് ഒരു "ഹെർബൽ ബയോവാലി" വികസിപ്പിക്കുകയും ചെയ്യുക.

9. മലബാർ കുരുമുളകുപോലെ സംസ്ഥാനത്തിന് മാത്രം അവകാശപ്പെടാവുന്ന വിളകൾക്ക് "ജിയോഗ്രാഫിക് ഇൻഡിക്കേഷൻ" സംരക്ഷണം നേടിയെടുക്കുക.

LIBRARY ARCHIVES Kerala Legislative Assembly

10. കയറ്റുമതി വർദ്ധിപ്പിക്കുന്നതിനാവശ്യമായ ഗുണമേന്മ നിലവാര നിഷ്കർഷകൾ ഏർപ്പെടുത്തുകയും പരിശീലനം നൽകുകയും ചെയ്യുക.

11. സമുദ്രോൽപ്പന്നങ്ങളുടെ ആഭ്യന്തര കയറ്റുമതി വിപണി വിപുലമാക്കുക.

12. കിസാൻ ക്രെഡിറ്റ് കാർഡ് സമ്പ്രദായം വിപുലപ്പെടുത്തുക.

13. ദേശീയ വിള ഇൻഷ്വറൻസ് പദ്ധതിയിൽ കേരളത്തിന്റെ എല്ലാ പ്രധാന വിളകളെയും ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുക.

14. ഇൻഡ്യക്കൊട്ടാകെ ഒരു പൊതുവിപണി ഉണ്ടാകുന്നത് കർഷകർക്ക് ഗുണകരമായിരിക്കുമെന്നതിനാൽ അതിനുവേണ്ടി കേന്ദ്ര സംസ്ഥാന സർക്കാരുകൾ ശ്രദ്ധിക്കുക.

(സി, ഡി) കമ്മീഷൻ റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ട്. റിപ്പോർട്ടിലെ ശുപാർശകളിൽ സംസ്ഥാന സർക്കാർ ഇനി പറയുന്ന നടപടികൾ ഇതിനകം സ്വീകരിച്ചു കഴിഞ്ഞു:

1. സംസ്ഥാനതലത്തിൽ കാർഷിക വ്യാപാര കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുന്നതിനായി മുഖ്യമന്ത്രി അദ്ധ്യക്ഷനായും കൃഷിവകുപ്പുമന്ത്രി ഉപാദ്ധ്യക്ഷനായും ഒരു ഉന്നതതല സ്ഥിരം സമിതി രൂപീകരിക്കുകയുണ്ടായി.

2. കാർഷിക വ്യാപാര വിപണന രംഗം സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ ലഭ്യമാക്കുന്നതിന് ഒരു വെർച്വൽ യൂണിവേഴ്സിറ്റി സ്ഥാപിക്കാൻ തീരുമാനിച്ചു. അതിന്റെ പ്രോജക്ട് തയ്യാറാക്കി ഭരണാനുമതി നൽകാനുള്ള നടപടി പുരോഗമിച്ചു വരുന്നു. ഇതിന് 1 കോടി രൂപ വകയിരുത്തിയിട്ടുണ്ട്

3. ഔഷധ സസ്യങ്ങളുടെ സംരക്ഷണത്തിനും വികസനത്തിനും ഒരു ഔഷധ ജൈവ താഴ്വര (ഹെർബൽ ബയോവാലി) രൂപീകരിക്കുന്നതിന് തുടക്കം കുറിച്ചു. ഇതിനായി 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനുള്ള പദ്ധതി കാർഷിക കയറ്റുമതി മേഖലാ പദ്ധതിയുമായി ബന്ധപ്പെടുത്തി തയ്യാറാക്കിയിട്ടുണ്ട്.

4. ജിയോഗ്രാഫിക്കൽ ഇൻഡിക്കേഷൻ സംരക്ഷണം സംബന്ധിച്ച് ആലപ്പി ഗ്രീൻകാർഡമം, മലബാർ പെപ്പർ തുടങ്ങിയ സുഗന്ധവ്യഞ്ജനങ്ങൾക്ക് സംരക്ഷണം ലഭ്യമാക്കാൻ നടപടി സ്വീകരിക്കാൻ സ്പൈസസ് ബോർഡുമായി ബന്ധപ്പെട്ട് നടപടി എടുത്തുവരുന്നു.

5. ജൈവകൃഷി പ്രോത്സാഹിപ്പിക്കാൻ നടപടി തുടങ്ങി. ഇതിനായി ഒരു ഉന്നതതല സമിതി രൂപീകരിച്ച് പ്രവർത്തനരേഖ തയ്യാറാക്കി ആദ്യപടിയായി വയനാട്, ഇടുക്കി, കണ്ണൂർ ജില്ലകളിലെ 800 ഹെക്ടർ സ്ഥലത്ത് ജൈവ കുരുമുളക് കൃഷിക്ക് സഹായം നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ദേശീയ ജൈവകൃഷി ഇൻസ്റ്റിറ്റ്യൂട്ട് സംസ്ഥാനത്ത് സ്ഥാപിക്കാനുള്ള സംസ്ഥാനത്തിന്റെ ആവശ്യം കേന്ദ്ര സർക്കാർ അംഗീകരിക്കാത്തതിനെത്തുടർന്ന് കേരളത്തിൽ ഒരു ജൈവകൃഷി റീജിയണൽ സെന്റർ തുടങ്ങുന്ന കാര്യം പരിശോധിച്ചുവരുന്നു.

6. ഡോ. വി. എൻ. ചോപ്രാ കമ്മിറ്റി, ശ്രീ. കെ. പി. പി. നമ്പ്യാരുടെ അദ്ധ്യക്ഷതയിലുള്ള ഉപസമിതി എന്നിവയുടെ നിർദ്ദേശപ്രകാരം ഒരു കിസാൻ പ്രോജക്ട് തയ്യാറാക്കി വിവര സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിയും ടെലിവിഷൻ ചാനലുകളിലൂടെയുമുള്ള കൃഷി വിജ്ഞാന വ്യാപനത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

7. പച്ചക്കറികളുടെയും പഴവർഗ്ഗങ്ങളുടെയും കയറ്റുമതി സാദ്ധ്യത പരമാവധി പ്രയോജനപ്പെടുത്താൻ സംസ്ഥാനത്തെ 9 ജില്ലകളെ ഉൾപ്പെടുത്തിക്കൊണ്ട് രൂപീകരിച്ചിട്ടുള്ള കാർഷിക കയറ്റുമതി മേഖലകൾ (അഗ്രി എക്സ്പോർട്ട് സോൺ) പ്രവർത്തിപ്പിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. നടപ്പു ബജറ്റിൽ ഇതിനായി 287 ലക്ഷം രൂപ വകയിരുത്തി.

8. ജൈവവൈവിധ്യ വിഭവങ്ങളുടെ പ്രാഥമിക സംരക്ഷകരെ അവയുടെ അംഗീകാരം, അതിൻമേൽ അവർക്കുള്ള അവകാശം, അർഹതപ്പെട്ട പ്രതിഫലം എന്നിവ സംബന്ധിച്ച് ബോധവൽക്കരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

9. കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ പബ്ലിക് റിലേഷൻസ് വകുപ്പ് ഒരു മാധ്യമ സെൽ രൂപീകരിക്കാൻ തീരുമാനിച്ചു. അത് പ്രവർത്തനക്ഷമ മാക്കാൻ നടപടി പുരോഗമിച്ചുവരുന്നു

10. സംസ്ഥാന പ്ലാനിംഗ് ബോർഡ് കാർഷിക-അനുബന്ധ മേഖലകളിലെ നാടൻ സാങ്കേതിക വിവരങ്ങൾ ക്രോഡീകരിച്ച് രേഖപ്പെടുത്തി വയ്ക്കാൻ ഒരു പദ്ധതി തയ്യാറാക്കിവരുന്നു.

11. എൻ.ഡി.ഡി.ബി.-യുടെ സഹായത്തോടെ സംസ്ഥാനത്തെ ഒരു ജന്തു രോഗനിയന്ത്രണ മേഖല (ഡിസീസ് കൺട്രോൾ സോൺ) ആക്കുവാനുള്ള നടപടികൾ ഇതിനകം ആരംഭിച്ചുകഴിഞ്ഞു.

12. സംസ്ഥാന ശാസ്ത്ര-സാങ്കേതിക പരിസ്ഥിതി കൗൺസിൽ ഒരു പേറ്റന്റ് ഇൻഫർമേഷൻ സെന്റർ സ്ഥാപിച്ചുകഴിഞ്ഞു.

13. മത്സ്യബന്ധനം സംബന്ധിച്ച ശുപാർശകളും നിർദ്ദേശങ്ങളും ഉൾപ്പെടുത്തി ഒരു കരടു നയം രൂപപ്പെടുത്തിയിട്ടുണ്ട്. മത്സ്യോൽപ്പന്നങ്ങളുടെ ഗുണ നിലവാരം വർദ്ധിപ്പിക്കുന്നതിനുള്ള ബോധവൽക്കരണ പരിപാടികൾ ആരംഭിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

14. വിനോദ സഞ്ചാര മേഖലയുടെ വികസനത്തിനായി ഇക്കോ ടൂറിസം, ഹെൽത്ത് ടൂറിസം, സ്പിരിച്വൽ ടൂറിസം എന്നീ മൂന്നു വിഭാഗങ്ങളിൽ ഉന്നതതല കമ്മിറ്റികൾ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

15. കേരളത്തിലെ കൂടുതൽ വിളകളെ കേന്ദ്ര കൃഷി ഇൻഷ്വറൻസിൽ ഉൾപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാരിനോട് അപേക്ഷിച്ചിരിക്കുകയാണ്.

(ഇ) ഉണ്ട്.

(എഫ്) സാമാന്യം തൃപ്തികരമായ ഒരു റിപ്പോർട്ടാണ് കമ്മീഷൻ നൽകിയിരി ക്കുന്നത്. പുതിയ പ്രശ്നങ്ങൾ ശ്രദ്ധയിൽ വരുമ്പോൾ അവ പ്രത്യേകമായി പരിശോധി ക്കാവുന്നതാണ്.

(ജി) ഭാരതം ഏർപ്പെട്ടിട്ടുള്ള ലോകവ്യാപാര കരാറിന്റെ അടിസ്ഥാനത്തിലാണ് ഇതിലെ ശുപാർശകൾ നൽകിയിരിക്കുന്നത്.

(എച്ച്) സുഗന്ധവ്യഞ്ജനങ്ങൾ, പയറുവർഗ്ഗങ്ങൾ, കാപ്പി, തേയില എന്നിവയുടെ കാര്യത്തിൽ കേന്ദ്രത്തിൽനിന്നും അനുകൂല നിലപാട് ഉണ്ടായിട്ടുണ്ടെങ്കിലും ഭക്ഷ്യ എണ്ണയുടെ കാര്യത്തിൽ പ്രത്യേകിച്ച് പാമോയിലിന്റെ കാര്യത്തിൽ അനുകൂല നിലപാട് ഉണ്ടായില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഐ) 2002-03 കാലയളവിൽ കുരുമുളക്, ഗ്രാംപൂ, ഏലം എന്നിവ ഉൾപ്പെടുന്ന സുഗന്ധവ്യഞ്ജനങ്ങളുടെ ഇറക്കുമതി തീരുവ 35 ശതമാനത്തിൽനിന്നും 70 ശതമാനമായും, പയറുവർഗ്ഗങ്ങളുടെ തീരുവ 5 ശതമാനത്തിൽനിന്നും 10 ശതമാനമായും കാപ്പി, തേയില എന്നിവയുടെ തീരുവ 70 ശതമാനത്തിൽനിന്നും 100 ശതമാനമായും വർദ്ധിപ്പിച്ചിട്ടുണ്ട്.

(ജെ) ഇല്ല.

ഡബ്ല്യു.ടി.ഒ.-യുടെ കാൻ-കൂൺ സമ്മേളനത്തിൽ വന്ന വിഷയങ്ങൾ

75 [1082] ശ്രീ. എൻ. ഡി. അപ്പച്ചൻ:
,, വി. ബാലറാം:
,, എം. എ. ചന്ദ്രശേഖരൻ:
,, എ. പി. അനിൽ കുമാർ:
,, എം. കെ. പോൾസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡബ്ല്യു.ടി.ഒ.-യുടെ 2003 സെപ്റ്റംബറിൽ നടന്ന കാൻ-കൂൺ സമ്മേളനത്തിൽ അവതരിപ്പിക്കേണ്ടിയിരുന്ന റബ്ബറിന്റേത് ഉൾപ്പെടെയുള്ള കാർഷിക പ്രശ്നങ്ങളെ സംബന്ധിച്ച വിവരം നൽകണമെന്ന് കേന്ദ്ര ഗവൺമെന്റ് ആവശ്യപ്പെട്ടിരുന്നുവോ;

(ബി) എങ്കിൽ ഏതു തീയതിക്ക് മുമ്പ് നൽകണമെന്നാണ് ആവശ്യപ്പെട്ടിരുന്നത്;

(സി) പ്രസ്തുത സമ്മേളനത്തിന്റെ മുമ്പാകെ റബ്ബർ, കയറുൽപ്പന്നങ്ങൾ എന്നിവയെ കാർഷികോൽപ്പന്നങ്ങളായി കണക്കാക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള പ്രശ്നം അവതരിപ്പിക്കുന്നതിനുവേണ്ട വിവരങ്ങൾ നൽകുകയുണ്ടായോ;

(ഡി) എങ്കിൽ ഏതു തീയതിയിൽ;

(ഇ) ഈ വിവരം യഥാസമയം നൽകാതിരുന്നിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ട് എന്ന് വിശദമാക്കുമോ;

(എഫ്) കാൻ-കൂൺ സമ്മേളനത്തിൽ റബ്ബർ, കയർ എന്നിവയെ കാർഷികോൽപ്പന്നങ്ങളാക്കണമെന്ന ആവശ്യം ഇൻഡ്യൻ പ്രതിനിധി ഉന്നയിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും വിവരം നൽകണമെന്ന് പ്രത്യേകമായി കേന്ദ്ര സർക്കാർ ആവശ്യപ്പെടുകയുണ്ടായില്ല. എന്നാൽ ഈ വിഷയം സംബന്ധിച്ച് സ്റ്റേറ്റുകളുമായുള്ള കൂടിയാലോചനയുടെ ഭാഗമെന്ന നിലയിൽ 28-8-2003-ൽ ഡൽഹിയിൽവച്ച് ഒരു വർക്ക്ഷോപ്പ് നടത്തുകയുണ്ടായി. ഇതിൽ കാർഷികോൽപ്പാദന കമ്മീഷണറും, കൃഷി ഡയറക്ടറും ആവശ്യമായ വിവരങ്ങളുമായി പങ്കെടുക്കുകയുണ്ടായി. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് കേന്ദ്ര ഗവൺമെന്റിന് അയച്ചുകൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly